പ്രാദേശിക ടൂറിസം വികസനത്തിനായി പ്രത്യേക കമ്പനി രൂപീകരണം

77 (5995) ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാദേശിക ടൂറിസം വികസനത്തിനായി സംരംഭകരാകുന്ന പ്രാദേശിക ഭൂ ഉടമകളെ ഓഹരി ഉടമസ്ഥരാക്കിക്കൊണ്ടുള്ള പ്രത്യേക കമ്പനി രൂപീകരിക്കുന്ന പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പുതിയ ബിസിനസ് മോഡൽ സ്വീകരിച്ചുകൊണ്ട് എത്ര പുതിയ പ്രാദേശിക ടൂറിസം സംരംഭകർ ഇതുവരെ പുതിയ സംരംഭവുമായി മുന്നോട്ട് വന്നിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(സി) ഇതിനായി ഇതുവരെ എത്ര കമ്പനികൾ രൂപീകരിച്ചിട്ടുണ്ട് ;

(ഡി) ഇത്തരം സംരംഭകർക്ക് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശൂർ ജില്ലയിലെ മണപ്പുറം കേന്ദ്രമാക്കി ഒരു നിർദ്ദേശം പരിശോധിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) നിലവിൽ സഹായങ്ങൾ ഒന്നും നൽകിയിട്ടില്ല.

സരോവരം പാർക്കിൽ ഇളനീർ പാർലർ

78 (5996) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സരോവരം പാർക്കിൽ ഇളനീർ പാർലർ തുടങ്ങുന്നതിനായി കോഴിക്കോട് താലൂക്ക് കള്ള് ചെത്ത് സഹകരണസംഘം അപേക്ഷ നൽകിയിരുന്നോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly